# ചിതാസ്വപ്നം (കഥ)

****************************

അർദ്ധവൃത്താകൃതിയിൽ വിവിധ ഉയരത്തിലും കോലത്തിലും നിരയൊത്ത  അനേകം ബഹുനില കെട്ടിടങ്ങളും നടുവിലെ റോഡും  അത് കഴിഞ്ഞാൽ   ചുറ്റുമതിലിനാൽ വേർതിരിക്കപ്പെട്ട  ശ്മശാനവും  കൂടി ചേർന്നതാണ് ആ ചെറു മരുഭൂനഗരം.  അവിടെ  വിവിധ രാജ്യക്കാർ ഭൂമിക്ക് മുകളിലും താഴെയുമായി സ്വച്ഛന്ദം വസിക്കുന്നു.

നിശ്ചിത അകലം പാലിച്ചു നിരയൊത്തു  നിൽക്കുന്ന ഈന്തപ്പന മരങ്ങളെ പോക്കുവെയിൽ ശ്മശാന മതിലിൽ നിഴൽ ചിത്രങ്ങളാക്കുന്നു.  മരങ്ങളിൽ നിറയെ കായ്കൾ. നിലത്ത്,  ആയുസ്സറ്റ് നിലം പതിച്ചവയിൽ  പാകമായതും അല്ലാത്തവയും ഉണ്ട്.  മതിലിനകത്തെ തനിയാവർത്തനം പോലെ... കായ്കളിൽ നല്ലത് കുറച്ചെടുത്ത് പാൻറ്സിന്റെ ഇരുപോക്കറ്റിലും തിരുകി സുരേഷ് ഉണ്ണിത്താൻ ശ്മശാന കവാടം ലക്ഷ്യമാക്കി നടന്നു.

കവാടത്തിൽ  ഒരു യൂണിഫോംധാരിയുടെ കാവൽ.  കണ്ടിട്ട് പാകിസ്താനി ആണെന്ന് തോന്നുന്നു.
അനുവിനെ അടക്കാൻ കൊണ്ടുവന്ന നേരത്ത് ഇയാളായിരുന്നുവോ കാവൽ? തിട്ടമില്ല. മുഖം മാസ്ക്കിലായ ഇക്കാലത്ത് ആത്മാവിന്റെ പാതി വേർപ്പെട്ടുപോയ ഒരുത്തന്റെ ഓർമകളിൽ എത്ര മുഖങ്ങൾക്ക് ഇടം കാണും?

"ഉം ...?ഇവിടെ ആരാ ഉള്ളത് ? "
ഭാര്യയെ  അടക്കം ചെയ്തിടത്തേക്ക്  ഒന്ന് കടത്തി വിടണം എന്ന് ഉറുദുവിൽ പറയാനുള്ള വാക്കുകൾ നുള്ളിപ്പെറുക്കുന്നതിനിടയിലാണ് അയാളുടെ ഹിന്ദിയിലുള്ള ചോദ്യം ആശ്വാസമായെത്തിയത്.
"ഭാര്യ ..."
"പേര്..?"
"അനുതാര സുരേഷ്" കാവൽക്കാരൻ ഒരു തടിച്ച രജിസ്റ്ററി എടുത്ത് പേജുകൾ മറിച്ചു.
"ഖബർ നമ്പർ 4015, കോവിഡ് സെക്റ്റർ " എന്ന് പറഞ്ഞയാൾ വലത്തോട്ട് കൈ ചൂണ്ടി.

ഗേറ്റ് കടന്ന ഉടനെ വലതുവശത്തൊരു  ചെറിയ മസ്ജിദ്. അതിനു മുമ്പിലായി സിമന്റ് കട്ട പാകിയ വീതിയേറിയ നടപ്പാതക്ക് വിവിധ കൈവഴികൾ.  മതിലിനോട് ചേർന്നുള്ള വഴിയിലൂടെ അയാൾ  മെല്ലെ നടന്നു. വഴിയിൽ  ഒരു മണ്ണുമാന്തി യന്ത്രം വിശ്രമിക്കുന്നു.  യന്ത്രകയ്യിന് നല്ല വെടിപ്പ്. വൈറസുകൾ ഇന്ന്  കറുത്ത ബാഗുകളൊന്നും അയച്ചില്ലെന്ന് തോന്നുന്നു.  ഒരേ രൂപത്തിലും  ഭാവത്തിലും നെടുനീളത്തിൽ മുറിയൻ വരമ്പുകൾ  പോലെ  കിടക്കുന്ന ഖബറുകൾക്കുള്ളിൽ പരശ്ശതം മനുഷ്യർ വെറും നമ്പറുകളിലേക്ക് അസ്തിത്വം ചുരുക്കിയിരിക്കുന്നു.

ഖബറുകൾക്കുമേൽ  ചെറിയ കരിങ്കൽ ചീളുകൾ വിതറിയിരിക്കുന്നു. ഇടക്കിടെ വിരുന്നെത്തുന്ന മരുക്കാറ്റിന്റെ ഹുങ്കാരച്ചുഴിയിലകപ്പെട്ട് കൂനകൂട്ടിയ പൂഴിമണ്ണ് ധൂളിയായിപ്പോകാതെ  സംരക്ഷിക്കുക എന്നതാണവയുടെ ധർമം.  കൽചീളുകളുടെ നോക്കെത്താ കാഴ്ച ആത്മാക്കളുടെ ലോകത്തേക്ക് വിരിച്ച ഇരുണ്ട  പരവതാനിയായി അയാളുടെ കണ്ണുകളെ വിഭ്രമപ്പെടുത്തി.

അസ്തമയ സൂര്യൻ ബാക്കിവെച്ചു പോയ ഗ്ലാനിതട്ടിയ വെളിച്ചത്തിൽ അയാൾ  ഭാര്യയുടെ കുഴിമാടം ഒരു തവണ വലംവെച്ചു . ശേഷം ഷൂ അഴിച്ച്  കാൽ വിരലുകൾ മണ്ണിലൂന്നി മുട്ടുകൾ മടക്കി  മീസാൻ കല്ലിനു താഴെ ഇരുന്നു.  കല്ലിനോട് ചുണ്ട് ചേർത്ത് പതുക്കെ വിളിച്ചു.
"അനു...  അനു ഇന്ന് നിന്റെ പതിനാറാണ്..."
വേദനയുടെ ചിതയിൽ ഹൃദയം ഭസ്മമാവുവോളം മൗനത്തിന്റെ താഴ്‌വാരത്ത്  അവർ സംവദിച്ചു. നോവിന്റെ മുള്ളുപാതയിലൂടെ അയാളുടെ ഓർമകൾ  പിൻനടത്തം തുടങ്ങിയതും അന്നേരം തന്നെയായിരുന്നു.

അനുതാരയുടെ  ജഡത്തിനുമേൽ യന്ത്രക്കൈകൾ അവസാന പിടി മണ്ണിട്ട നേരം ആകാശത്ത് മേഘങ്ങൾ സങ്കടക്കറുപ്പണിഞ്ഞു.  അന്തരീക്ഷം പിന്നെയും ഇരുണ്ടു.  തെല്ലകലെ ഉലഞ്ഞ ഉടലുമായി നിർവികാരപ്പെട്ടു നിന്ന  സുരേഷ് ഉണ്ണിത്താൻ മകളുടെ കൈത്താങ്ങിൽ കാർപാർക് ലക്ഷ്യമാക്കി നടന്നു.

മഞ്ഞയിൽ കുളിച്ച നേർത്ത മഞ്ഞിനെ നൃത്തച്ചുവടുകൾ പഠിപ്പിക്കുന്ന പടിഞ്ഞാറൻ കാറ്റിനെ വകഞ്ഞു  അയാൾ സാവധാനം വണ്ടിയോടിച്ചു. തെരുവും തെരുവോരവും അണുമുക്തമാക്കുന്ന യന്ത്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങൾ നിരനിരയായി  നീങ്ങുന്നു. അയാൾ വാച്ചിൽ നോക്കി. ഇനിയും അരമണിക്കൂർ സമയമുണ്ട് സാനിറ്റേഷൻ  തുടങ്ങാൻ. അതിനകം ഫ്ളാറ്റിലെത്താം .

വിങ്ങുന്ന ശൂന്യതയിലേക്കാണയാൾ കതക് തുറന്നത്.
ഇരുപ്പുമുറിയിലെ ഹാലൊജൻ വെളിച്ചം സൂര്യനെ കണ്ണിലേക്കെറിയുന്നു. .. ലൈറ്റ് ഓഫ് ചെയ്ത് അയാൾ സോഫയിലേക്ക് വീണു. അക്വേറിയത്തിലെ നേർത്ത  നീലവെളിച്ചം മുറിയാകെ പടർന്നു.  ഒരു നീല തടാകം അവിടെ രൂപപ്പെട്ടു.  ആരോ മുങ്ങാംകുഴി ഇട്ടപോലെ ജലം വലയങ്ങൾ തീർക്കുന്നു. അക്വേറിയത്തിൽ എന്തോ വീണതാണ്. അയാൾ അത് കണ്ടു . ഗണപതിയുടെ രൂപമുള്ള കല്ല് . വെള്ളത്തിനടിയിൽ കുത്തനെ നിൽക്കുന്നു ...

രണ്ടു വർഷം മുമ്പത്തെ ഒരു വാർഷികാവധി കാലത്താണ് അനുവിന്റെ  അമ്മ പോയത്.  ചിതാഭസ്മം പാപനാശിനിയിൽ ഒഴുക്കണമെന്നത് അമ്മയുടെ ആഗ്രഹമായിരുന്നു.  ഒരു വാവുകാല പുലരിയിൽ തിരുനെല്ലി ക്ഷേത്രത്തിലെത്തി തൊഴുത് പുഴയോരത്തേക്കുള്ള നടത്തത്തിനിടയിൽ അനു കാൽ തെന്നി വീണു.

മുഴുത്ത ഒരു വെള്ളാരംകല്ലിൽ തട്ടി പെരുവിരലിൽ ചോര പൊടിഞ്ഞു. അയാൾ പുഴയിൽ നിന്ന് വെള്ളമെടുത്ത് വരുംവരെ അവളായിരുപ്പ് തുടർന്നു. കാവലായി അവൾടച്ഛനും.
കാലിൽ വെള്ളമൊഴിക്കുന്നത് തടസ്സപ്പെടുത്തി അനു വലിയ ആവേശത്തിൽ രക്തംപുരണ്ട കല്ലെടുത്ത് കാണിച്ചു
"സുരേട്ടാ ഈ കല്ലേലൊന്നു സൂക്ഷിച്ചു നോക്കിയേ .ഭഗവാന്റെ രൂപം തെളിയുന്നില്ലേ ..?"
അയാളത് തിരിച്ചും മറിച്ചും നോക്കി. രക്തപ്പാടുകൾ അവ്യക്തമാക്കിയ ആ കല്ലിൽ ഗണപതിയുടെ ഒരവ്യക്ത രൂപമുണ്ട്. ആരുടെയോ കൈക്രിയയാകാം. അമ്മയുടെ വേർപാടിന്റെ നോവൊന്ന് കുറയുമല്ലോ എന്ന് കരുതി അയാളും അവളുടെ ആവേശത്തോട് ചേർന്നു.
മടക്കയാത്രയിൽ മഴ ശക്തമായിരുന്നു. വണ്ടി പതുക്കെ ഓടിച്ചാണ് ചുരമിറങ്ങിയത്. അനുവിന്റെ മുഖത്തൊരു സ്വാതികഭാവം. കയ്യിലെ കല്ലിൽ തന്നെയാണ് ശ്രദ്ധമുഴുവൻ. പിൻസീറ്റിൽ കിടന്നുറങ്ങുകയാണ് അച്ഛൻ . അവളുടെ തുടയിൽ മൃദുവായി ഒന്ന് നുള്ളി. വിളറിയ ഒരു ചിരി ആ മുഖത്ത് തെളിഞ്ഞു.

"ഞാൻ മരിച്ചാൽ എന്റെ ചിതാഭസ്മവും പാപനാശിനിയിൽ തന്നെ വേണം ഒഴുക്കാൻ..."

മഴത്തുള്ളികൾ അവ്യകതമാക്കിയ പുറം കാഴ്ചയിലേക്ക് നോക്കിയാണ് അവളത് പറഞ്ഞത്. ഭഗവാൻ അവളുടെ നെഞ്ചു പറ്റി കിടക്കുകയാണ് . മറുപടിയായി അയാളൊന്ന് മൂളുക പോലും ചെയ്തില്ല. അവൾ അയാളുടെ മുഖത്തേക്ക് നോക്കിയുമില്ല.

അയാൾ ആ കല്ല് അകവറിയത്തിന് മുകളിലെ പീഠത്തിൽ തിരികെ വച്ചു . നീല പുകപോലെ എന്തോ ഒന്ന് അതിൽ നിന്നുയരുമ്പോലെ തോന്നിയപ്പോൾ കല്ലെടുത്ത് തിരിച്ചും മറിച്ചും നോക്കി. ആ
കല്ല് അനുവിന്റെ രൂപമെടുക്കുന്നു !!
അയാൾ നിലവിളിയോടെ മകളുടെ അടുത്തേക്കോടി. "മോളെ....മോളേ ..ദേ ഇങ്ങ്നോക്കിയേ ഈ കല്ലിൽ അമ്മേടെ രൂപം..!!
അതുവരെ കാണാത്ത ഒരപരിചിത ഭാവത്തിൽ അച്ഛന്റെ കണ്ട അവൾ ഭയന്ന് പിന്മാറി..
മകളെ ചേർത്ത് പിടിച്ചു കല്ല് അവളുടെ കയ്യിൽ ബലമായി പിടിപ്പിച്ചപ്പോൾ അവൾക്ക് കരച്ചിൽ വന്നു.
"അച്ഛനെന്താ പറ്റിയേ ..?."
അയാൾക്ക് ദേഷ്യം വന്നു. മകളെ തള്ളിമാറ്റി വേഗത്തിൽ കിടപ്പു മുറിയിലേക്ക് നടന്നു. കട്ടിലിലിരുന്ന് വെള്ളത്തിന്റെ ജഗ്ഗ് കയ്യിലെടുത്തു. അത് ശൂന്യമായിരുന്നു..വെള്ളമെടുക്കാനായി തിരിഞ്ഞു നടക്കാൻ അയാൾ ഭയപ്പെട്ടു. ഹതാശനായി കിടക്കയിൽ വീണ അയാൾ സമചിത്തതയുടെ നൂലഗ്രത്തിൽ അള്ളിപ്പിടിച്ച് ഉറക്കിന്റെ കമ്പളം പണിപ്പെട്ട് തലയിലൂടെ വലിച്ചിട്ടു...

ചൂടുള്ളതെന്തോ കയ്യിലുറ്റിയപ്പോഴാണ് ഓർമകളുടെ ഭസ്മക്കുടത്തിൽ നിന്ന് അയാളുണർന്നത്. അശ്രുകണങ്ങൾ മീശരോമങ്ങളിൽ തോരണമിട്ടത് തുടച്ച് പോക്കറ്റിൽനിന്ന് ഈന്തപ്പഴമെടുത്ത് കൈക്കുടന്നയിലാക്കി മുകളിലോട്ടുയർത്തി ഒരു നിമിഷം ധ്യാനിച്ചു. എന്നിട്ടത് പുഷ്പ്പാർച്ചനയെന്നോണം മീസാൻ കല്ലിനരികിൽ വിതറി .ഖബറിന്റെ വിവിധ കോണുകളിൽ നിന്ന് ഏതാനും പിടി മണ്ണെടുത്ത് കയ്യിൽ കരുതിയ ചെറിയ മൺകുടത്തിലിട്ട് ചുവന്ന തുണികൊണ്ട് വായമൂടി. വീണ്ടും ആ കല്ലിൽ ചുണ്ട് ചേർത്ത് വിങ്ങലോടെ പറഞ്ഞു.

"നിന്റെ ഉടൽ പൊതിഞ്ഞ ഈ മണൽത്തരികൾ നീ ആഗ്രഹിച്ചിടത്ത് ഞാനൊഴുക്കും..."

അതൊരു പറച്ചിലായിരുന്നില്ല ഹൃദയം നഷ്ടമായവന്റെ നിലവിളിയായിരുന്നു..

അതുകേട്ടിട്ടെന്നോണം പള്ളിമിനാരങ്ങളിലിൽ നിന്ന് പ്രാവുകൾ ഊഴമിട്ട് കുറുകാൻ തുടങ്ങി. ആത്മാക്കളുടെ ആർത്തനാദം പോലെ....

*************************************

ഇസ്മയിൽ കൂളത്ത്.